Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

18th December 2019

## തദ്ദേശസ്വയംഭരണ ഉപതിരഞ്ഞെടുപ്പ് ഫലം

### എൽ ഡി എഫ് 12 , യു ഡി എഫ് 12, ബി ജെ പി 2, സ്വതന്ത്രൻ 2 സീറ്റുകൾ നേടി.

സംസ്ഥാനത്തെ 12 ജില്ലകളിലെ 28 തദ്ദേശസ്വയംഭരണ വാർഡുകളിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ എൽ ഡി എഫ് 12 ഉം യു ഡി എഫ് 12 ഉം ബി ജെ പി 2 ഉം സ്വതന്ത്രൻ 2 ഉം സീറ്റുകൾ നേടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

**എൽ.ഡി.എഫ് വിജയിച്ച വാർഡ്, സ്ഥാനാർത്ഥി, പാർട്ടി, ഭൂരിപക്ഷം** എന്ന ക്രമത്തിൽ പത്തനംതിട്ട-കടപ്ര ഗ്രാമപഞ്ചായത്ത്-ഷുഗർ ഫാക്ടറി-നിർമല.പി.കെ (ശ്യാമള) - എൽ.ഡി.എഫ്(സ്വതന്ത്ര) -114, ആലപ്പുഴ - അരൂകുറ്റി ഗ്രാമപഞ്ചായത്ത്ഹൈസ്കൂൾ വാർഡ് -ഒ.കെ.ബഷീർ-സിപിഐ(എം)-34, ആലപ്പുഴ-പത്തിയൂർ ഗ്രാമ പഞ്ചായത്ത് - കരുവറ്റുംകുഴി- കെ.ബി.പ്രശാന്ത് - സിപിഐ(എം)-533, കോട്ടയം - വിജയപുരം ഗ്രാമ പഞ്ചായത്ത് - നാൽപാമറ്റം - ഉഷാ സോമൻ-സിപിഐ(എം)-57, പാലക്കാട് ഒറ്റപ്പാലം മുൻസിപ്പാലിറ്റി-ചേരിക്കുന്ന്- ശോഭന.പി.ആർ-സിപിഐ (എം)-117, കോഴിക്കോട്-ചോറോട് ഗ്രാമ പഞ്ചായത്ത്-കൊളങ്ങാട്ട്താഴ -പി.പി.രാമചന്ദ്രൻ മാസ്റ്റർ-സിപിഐ(എം)-84, കോഴിക്കോട് വില്യാപ്പള്ളി ഗ്രാമ പഞ്ചായത്ത്-കൂട്ടങ്ങാരം പി.പത്മനാഭൻ-സിപിഐ(എം)-308, കോഴിക്കോട്-മണിയൂർ ഗ്രാമ പഞ്ചായത്ത് -എടത്തുംകര- സിന്ധു-സിപിഐ(എം)-284, കോഴിക്കോട് -മണിയൂർ ഗ്രാമ പഞ്ചായത്ത്-പതിയാരക്കര നോർത്ത് -പി.ഷിജു-സിപിഐ(എം)-378, വയനാട് വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത്- കോക്കുഴി - ബാലൻ.പി-സിപിഐ(എം)-104, കണ്ണൂർ രാമന്തളി ഗ്രാമ പഞ്ചായത്ത്-ഏഴിമല -വി.പ്രമോദ്-സിപിഐ(എം)-176, കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ -എടക്കാട് -ടി.പ്രശാന്ത്-സിപിഐ(എം)-256.

**യു.ഡി.എഫ്. വിജയിച്ചവ** ആലപ്പുഴ-പുളിങ്കുന്ന് ഗ്രാമ പഞ്ചായത്ത് ചതുർത്ഥ്യാകരി-മോഹൻദാസ്-ഐഎൻസി-132, ആലപ്പുഴ - ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത് -കുമ്പിളിശ്ശേരി-സുധാ രാജീവൻ-ഐഎൻസി -79, പത്തനംതിട്ട -കോന്നി ഗ്രാമ പഞ്ചായത്ത് -എലിയറയ്ക്കൽ-ലീലാമണി(ടീച്ചർ) - ഐഎൻസി - 56, ഇടുക്കി - വണ്ടൻമേട് ഗ്രാമപഞ്ചായത്ത് - ശാസ്തനട - കീർത്തി മോഹൻ.യു - ഐഎൻസി - 71, എറണാകുളം - മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് - തോട്ടുവ- ബിജുകണിയാംകുടി - ഐഎൻസി - 84, തൃശൂർ - മാടക്കത്തറ ഗ്രാമ പഞ്ചായത്ത് - പൊങ്ങണംകാട് - സത്യനേഷ് (കെ കെ സത്യൻ) - ഐഎൻസി - 232, പാലക്കാട് - ഷൊർണൂർ മുൻസിപ്പാലിറ്റി - തത്തംകോട് - ടി. സീത - ഐഎൻസി - 123, കോഴിക്കോട് - ഉണ്ണിക്കുളം ഗ്രാമ പഞ്ചായത്ത് - നെരോത്ത് - അഹമ്മദ് ജുനൈദ് ഒരുവിങ്ങര - ഐ.യു.എം.എൽ - 82, കാസർഗോഡ് മുനിസിപ്പാലിറ്റി - തെരുവത്ത് - റീത്ത.ആർ - ഐ.യു.എം.എൽ-175, മലപ്പുറം - പുൽപ്പറ്റ ഗ്രാമ പഞ്ചായത്ത്- തോട്ടേക്കാട് - സലീന - ഐ.യു.എം.എൽ - 183, കണ്ണൂർ - തലശ്ശേരി മുനിസിപ്പാലിറ്റി - ടെമ്പിൾ - എ കെ സക്കറിയ - ഐ.യു.എം.എൽ - 63 - കാസർഗോഡ് - ബളാൽ ഗ്രാമ പഞ്ചായത്ത് - മാലോം - ജോയി - യുഡിഎഫ്(സ്വതന്ത്രൻ) - 598.

**ബി.ജെ.പി. വിജയിച്ചവ** കോട്ടയം - വൈക്കം മുനിസിപ്പാലിറ്റി - എൽ. എഫ് ചർച്ച് - കെ ആർ രാജേഷ് - ബിജെപി - 79, തൃശൂർ - മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് - താണവീഥി - പ്രവീൺ. റ്റി. ജി - ബിജെപി - 20.

**സ്വതന്ത്രൻമാർ വിജയിച്ചവ** കോട്ടയം-അകലക്കുന്നം ഗ്രാമ പഞ്ചായത്ത്
-പൂവത്തിളപ്പ്-ജോർജ്ജ് തോമസ്-സ്വതന്ത്രൻ-63, കാസർഗോഡ് മുനിസിപ്പാലിറ്റി
-ഹൊണ്ണമൂല -കമ്പ്യൂട്ടർ മൊയ്തീൻ-സ്വതന്ത്രൻ-141.

എൽ.ഡി.എഫിന്റെ നാലു സിറ്റിംഗ് സീറ്റുകളിൽ യു.ഡി.എഫ് വിജയിച്ചു. യു.ഡി.എഫിന്റെ 2 സിറ്റിംഗ് സീറ്റുകളിൽ എൽ.ഡി.എഫ് വിജയിച്ചു. എൽ.ഡി.എഫിന്റെയും യു.ഡി.എഫിന്റെയും ഓരോ സിറ്റിംഗ് സീറ്റുകളിൽ ബി.ജെ.പി വിജയിച്ചു. ബി.ജെ.പിയുടെ രണ്ട് സിറ്റിംഗ് സീറ്റുകളിൽ ഒരു സീറ്റിൽ കോൺഗ്രസ്സും ഒരു സീറ്റിൽ മുസ്ലീം ലീഗും വിജയിച്ചു.

*(എസ്.ഇ.സി.45/2019)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

17th December 2019

## തദ്ദേശസ്വയംഭരണ ഉപതിരഞ്ഞെടുപ്പിൽ 78 ശതമാനം പോളിംഗ്

സംസ്ഥാനത്തെ 12 ജില്ലകളിലെ 28 തദ്ദേശസ്വയംഭരണ വാർഡുകളിൽ ഇന്നു നടന്ന ഉപതിരഞ്ഞെടുപ്പിൽ 78 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്ക്കരൻ അറിയിച്ചു.

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ ഒരു വാർഡിലും വൈക്കം, ഷൊർണ്ണൂർ, ഒറ്റപ്പാലം, തലശ്ശേരി എന്നീ മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡിലും കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ രണ്ട് വാർഡുകളിലും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 21 ഗ്രാമപഞ്ചായത്ത് വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്. വോട്ടെണ്ണൽ നാളെ (ഡിസംബർ 18) രാവിലെ 10-ന് ആരംഭിക്കും.

ഉപതിരഞ്ഞെടുപ്പ് നടന്ന ഓരോ തദ്ദേശസ്വയംഭരണ വാർഡുകളിലേയും രേഖപ്പെടുത്തിയ പോളിംഗ് ശതമാനം താഴെപ്പറയുന്ന ക്രമത്തിലാണ്.

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമ പഞ്ചായത്തിലെ ഷുഗർ ഫാക്ടറി (59.58), കോന്നി ഗ്രാമ പഞ്ചായത്തിലെ എലിയറയ്ക്കൽ(70.16), ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി ഗ്രാമ പഞ്ചായത്തിലെ ഹൈസ്കൂൾ വാർഡ് (90.98), പുളിങ്കുന്ന് ഗ്രാമ പഞ്ചായത്തിലെ ചതുർത്ഥ്യാകരി (80.53), പത്തിയൂർ ഗ്രാമ പഞ്ചായത്തിലെ കരുവറ്റുംകുഴി (85.34), ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിലെ കുമ്പിളിശ്ശേരി (80.37), കോട്ടയം ജില്ലയിലെ അകലകുന്നം ഗ്രാമപഞ്ചായത്തിലെ പൂവത്തിളപ്പ് (74.55), വിജയപുരം ഗ്രാമപഞ്ചായത്തിലെ നാല്പാമറ്റം (81.8), വൈക്കം മുനിസിപ്പാലിറ്റിയിലെ എൽ.എഫ്. ചർച്ച് (78.46), ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമ പഞ്ചായത്തിലെ ശാസ്തനട (73.14), എറണാകുളം ജില്ലയിലെ മലയാറ്റൂർ-നീലീശ്വരം ഗ്രാമ പഞ്ചായത്തിലെ തോട്ടുവ (83.74), തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ പൊങ്ങണംകാട്(82.22), മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ താണവീഥി (77.72), പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെ തത്തംകോട് (84.13), ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ ചേരിക്കുന്ന് (75.22), മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ തോട്ടെക്കാട് (84.35), കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമ പഞ്ചായത്തിലെ കൊളങ്ങാട്ട്താഴെ (83.87), വില്യാപ്പള്ളി ഗ്രാമ പഞ്ചായത്തിലെ കൂട്ടങ്ങാരം (77.05), മണിയൂർ ഗ്രാമ പഞ്ചായത്തിലെ എടത്തുംകര (85.55), പതിയാരക്കര (71.18), ഉണ്ണികുളം ഗ്രാമ പഞ്ചായത്തിലെ നെരോത്ത് (84.95), വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ കോക്കുഴി (82.87), കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമ പഞ്ചായത്തിലെ ഏഴിമല (78.19), കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ എടക്കാട്(80.6), തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ടെമ്പിൾ (68.8), കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമ പഞ്ചായത്തിലെ മാലോം (71.58), കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ ഹൊണ്ണമൂല (71.44), തെരുവത്ത് (54.39).

*(എസ്.ഇ.സി.44/2019)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

16th December 2019

## തദ്ദേശസ്വയംഭരണ ഉപതിരഞ്ഞെടുപ്പ് ഡിസംബർ 17-ന് ജനവിധി തേടുന്നത് 90 പേർ

സംസ്ഥാനത്തെ 12 ജില്ലകളിലെ 28 തദ്ദേശസ്വയംഭരണ വാർഡുകകളിൽ ഡിസംബർ 17-ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ 90 പേർ ജനവിധി തേടും.

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ ഒരു വാർഡിലും വൈക്കം, ഷൊർണ്ണൂർ, ഒറ്റപ്പാലം, തലശ്ശേരി എന്നീ മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡിലും കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ ര് വാർഡുകളിലും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 21 ഗ്രാമപഞ്ചായത്ത് വാർഡുകളിലുമാണ് ഡിസംബർ 17-ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5-ന് അവസാനിക്കും. വോട്ടെണ്ണൽ ഡിസംബർ 18-ന് രാവിലെ 10-ന് നടക്കും.

വോട്ട് ചെയ്യുന്നതിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻകാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പിന് ആറു മാസത്തിന് മുമ്പ് നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാം.

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമ പഞ്ചായത്തിലെ ഷുഗർ ഫാക്ടറി, കോന്നി ഗ്രാമ പഞ്ചായത്തിലെ എലിയറയ്ക്കൽ, ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി ഗ്രാമ പഞ്ചായത്തിലെ ഹൈസ്കൂൾ വാർഡ്, പുളിങ്കുന്ന് ഗ്രാമ പഞ്ചായത്തിലെ ചതുർത്ഥ്യാകരി, പത്തിയൂർ ഗ്രാമ പഞ്ചായത്തിലെ കരുവറ്റുംകുഴി, ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിലെ കുമ്പിളിശ്ശേരി, കോട്ടയം ജില്ലയിലെ അകലകുന്നം ഗ്രാമപഞ്ചായത്തിലെ പൂവത്തിളപ്പ്, വിജയപുരം ഗ്രാമപഞ്ചായത്തിലെ നാല്പാമറ്റം, വൈക്കം മുനിസിപ്പാലിറ്റിയിലെ എൽ.എഫ്. ചർച്ച്, ഇടുക്കി ജില്ലയിലെ വൻമേട് ഗ്രാമ പഞ്ചായത്തിലെ ശാസ്തനട, എറണാകുളം ജില്ലയിലെ മലയാറ്റൂർ, നിലീശ്വരം ഗ്രാമ പഞ്ചായത്തിലെ തോട്ടുവ, തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ പൊങ്ങണംകാട്, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ താണവീഥി, പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെ തത്തംകോട്, ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ ചേരിക്കുന്ന്, മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ തോട്ടെക്കാട്, കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമ പഞ്ചായത്തിലെ കൊളങ്ങാട്ട്താഴെ, വില്യാപ്പള്ളി ഗ്രാമ പഞ്ചായത്തിലെ കൂട്ടങ്ങാരം, മണിയൂർ ഗ്രാമ പഞ്ചായത്തിലെ എടത്തുംകര, പതിയാരക്കര നോർത്ത് വാർഡുകൾ, ഉണ്ണികുളം ഗ്രാമ പഞ്ചായത്തിലെ നെരോത്ത്, വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ കോക്കുഴി, കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമ പഞ്ചായത്തിലെ ഏഴിമല, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ എടക്കാട്, തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ടെമ്പിൾ, കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമ പഞ്ചായത്തിലെ മാലോം, കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ ഹൊണ്ണമൂല, തെരുവത്ത് എന്നീ വാർഡുകളിലായിട്ടാണ് 90 സ്ഥാനാർത്ഥികൾ ജനവിധി തേടുന്നത്.

*(എസ്.ഇ.സി.43/2019)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**7th December 2019**

## പഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കി

കൂറുമാറ്റ നിരോധന നിയമപ്രകാരം എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് അംഗം കെ.എം. അമീറിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി . ഭാസ്കരൻ അയോഗ്യനാക്കി.

നിലവിൽ ഗ്രാമപഞ്ചായത്ത് അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിനും 2019 ഡിസംബർ 6 മുതൽ ആറ് വർഷത്തേയ്ക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത് .

2015 നവംബറിൽ നടന്ന തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടി അംഗമായി വിജയിച്ച ഇദ്ദേഹം 16.05.2018-ൽ നടന്ന ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ പാർട്ടി സ്ഥാനാർത്ഥിക്കെതിരെ എൽ.ഡി.എഫ് സ്ഥാനാർത്ഥിയായി മത്സരിച്ചിരുന്നു. പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ സ്വതന്ത്രനെ പിന്തുണക്കാനാണ് കോൺഗ്രസ് പാർട്ടി അമീറിന് വിപ്പ് നൽകിയിരുന്നത്. പാർട്ടി വിപ്പ് ലംഘിച്ച് പ്രവർത്തിച്ചത് കൂറുമാറ്റമാണ് എന്ന് കണ്ടാണ് അദ്ദേഹത്തെ അയോഗ്യനാക്കിയത്. കോൺഗ്രസ് പാർട്ടിയിലെ തന്നെ പഞ്ചായത്ത് അംഗം എം.പി.പോൾസൺ സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ നടപടി.

*(എസ്.ഇ.സി.42/2019)*

## ഗ്രാമ പഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കി

ഇടുക്കി ജില്ലയിലെ തൊടുപുഴ ഇടവെട്ടി ഗ്രാമപഞ്ചായത്തംഗം തോട്ടപറമ്പിൽ വീട്ടിൽ ടി.എം.മുജീബിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി . ഭാസ്കരൻ അയോഗ്യനാക്കി.

ഇടവെട്ടി ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിലെ അംഗമായ മുജീബ് ജില്ലയിലെ നിരവധി പഞ്ചായത്തുകളുമായി പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടു എന്നു കണ്ടാണ് കമ്മീഷൻ ഇപ്രകാരം അയോഗ്യനാക്കിയത്.

ഇത് കേരള പഞ്ചായത്ത് രാജ് ആക്ട് 35(1) (ള) വകുപ്പ് പ്രകാരമുള്ള അയോഗ്യതയായി കണ്ടാണ് കമ്മീഷന്റെ നടപടി. പ്രസ്തുത വാർഡിലെ തന്നെ ഒരു വോട്ടറായ ശ്രീജേഷ്.കെ.ആർ. ആണ് കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചത്.

*(എസ്.ഇ.സി.41/2019)*

## കൊല്ലം നഗരസഭ മേയർ തിരഞ്ഞെടുപ്പ് ഡിസംബർ 16-ന്

കൊല്ലം നഗരസഭയിൽ ഒഴിവു വന്ന മേയർ സ്ഥാനത്തേക്ക് ഡിസംബർ 16-ാം തീയതി രാവിലെ 11-ന് തിരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

നഗരസഭയുടെ ഓഫീസിൽ വച്ചു നടക്കുന്ന മേയർ തിരഞ്ഞെടുപ്പിന്റെ വരണാധികാരി കൊല്ലം ജില്ലാ കളക്ടറാണ്.

2019 നവംബർ 20-ാം തീയതിയാണ് മുൻ മേയർ അഡ്വ.വി.രാജേന്ദ്ര ബാബു മേയർ സ്ഥാനം രാജി വച്ചത്.

തിരഞ്ഞെടുപ്പ് യോഗം സംബന്ധിച്ച് കൗൺസിലർമാർക്ക് നോട്ടീസ് നൽകുവാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി.

*(എസ്.ഇ.സി.40/2019)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

21st November 2019

## തദ്ദേശസ്വയംഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പ് : വിജ്ഞാപനമായി

സംസ്ഥാനത്തെ 12 ജില്ലകളിലെ 28 തദ്ദേശസ്വയംഭരണ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്ക്കരൻ പുറപ്പെടുവിച്ചു.

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ ഒരു വാർഡിലും വൈക്കം ഷൊർണൂർ, ഒറ്റപ്പാലം, തലശ്ശേരി എന്നീ മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡിലും കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ രണ്ട് വാർഡുകളിലും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 21 ഗ്രാമപഞ്ചായത്ത് വാർഡുകളിലുമാണ് ഡിസംബർ 17 ന് ഉപതിരഞ്ഞെടുപ്പ്.

നാമനിർദ്ദേശപത്രിക ഇന്ന് (നവംബർ 21) മുതൽ 28 വരെ രാവിലെ 11 നും 3 നും ഇടയിൽ സമർപ്പിക്കാം. സൂക്ഷ്മപരിശോധന 29 ന് നടക്കും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന ദിവസം ഡിസംബർ 2 ആണ്. വോട്ടെടുപ്പ് ഡിസംബർ 17 ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5 ന് അവസാനിക്കും. വോട്ടെണ്ണൽ ഡിസംബർ 18 ന് രാവിലെ 10 ന് നടക്കും.

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിലെ ഷുഗർ ഫാക്ടറി, കോന്നി ഗ്രാമപഞ്ചായത്തിലെ എലിയറയ്ക്കൽ, ആലപ്പുഴ ജില്ലയിലെ അരൂകുറ്റി ഗ്രാമപഞ്ചായത്തിലെ ഹൈസ്കൂൾ വാർഡ്, പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ ചതുർത്ഥ്യാകരി, പത്തിയൂർ ഗ്രാമ പഞ്ചായത്തിലെ കരുവറ്റുംകുഴി, ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ കുമ്പിളിശ്ശേരി, കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിലെ പൂവത്തിളപ്പ്, വിജയപുരം ഗ്രാമപഞ്ചായത്തിലെ നാൽപാമറ്റം, വൈക്കം മുനിസിപ്പാലിറ്റിയിലെ എൽ.എഫ്. ചർച്ച്, ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമ പഞ്ചായത്തിലെ ശാസ്തനട, എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിലെ തോട്ടുവ, തൃശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ പൊങ്ങണംകാട്, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ താണവീഥി, പാലക്കാട് ജില്ലയിലെ ഷൊർണൂർ മുനിസിപ്പാലിറ്റിയിലെ തത്തംകോട്, ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ ചേരിക്കുന്ന്, മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ തോട്ടേക്കാട്, കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിലെ കൊളങ്ങാട്ട് താഴെ, വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ കൂട്ടങ്ങാരം, മണിയൂർ ഗ്രാമപഞ്ചായത്തിലെ എടത്തുംകര, പതിയാരക്കര നോർത്ത് വാർഡുകൾ, ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ നെരോത്ത്, വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ കോക്കുഴി, കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തിലെ ഏഴിമല, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ എടക്കാട്, തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ടെമ്പിൾ, കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിലേ മാലോം, കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ ഹൊണ്ണമൂല, തെരുവത്ത് എന്നീ വാർഡുകളിലാണ് ഡിസംബർ 17 ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

*(എസ്.ഇ.സി.39/2019)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **15th November 2019** |

## തദ്ദേശ ഉപതിരഞ്ഞെടുപ്പ് : വോട്ടർപട്ടിക : അപേക്ഷകളും ആക്ഷേപങ്ങളും നൽകാം

സംസ്ഥാനത്തെ 28 തദ്ദേശസ്വയംഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി ഈ മാസം 13 ന് പ്രസിദ്ധീകരിച്ച അന്തിമവോട്ടർപട്ടികയിൽ പേര് ഉൾപ്പെടാത്തവർക്ക് പേര് ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷയും, ഒരു പാർട്ടിൽ നിന്നും മറ്റൊരു പാർട്ടിലേയ്ക്ക് സ്ഥാനമാറ്റത്തിനുവേണ്ടിയുള്ള അപേക്ഷയും, തെറ്റായി ഉൾപ്പെട്ട പേര് നീക്കം ചെയ്യുന്നതിനും ഉൾക്കുറിപ്പിലെ പിശക് തിരുത്തുന്നതിനുള്ള ആക്ഷേപവും ഈ മാസം 16 മുതൽ 18 വരെ വീണ്ടും ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് സമർപ്പിക്കാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

*(എസ്.ഇ.സി.38/2019)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**15th November 2019**

## തദ്ദേശസ്വയംഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പ് ഡിസംബർ 17 ന്

സംസ്ഥാനത്തെ 12 ജില്ലകളിലെ 28 തദ്ദേശസ്വയംഭരണ വാർഡുകളിൽ ഡിസംബർ 17 ന് ഉപതിരഞ്ഞെടുപ്പ് നടക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ ഒരു വാർഡിലും വൈക്കം ഷൊർണൂർ, ഒറ്റപ്പാലം, തലശ്ശേരി എന്നീ മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡിലും കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ രണ്ട് വാർഡുകളിലും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 21 ഗ്രാമപഞ്ചായത്ത് വാർഡുകളിലുമാണ് ഡിസംബർ 17 ന് ഉപതിരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റച്ചട്ടം ഇന്ന് നിലവിൽ വന്നു. തിരഞ്ഞെടുപ്പ് വിജ്ഞാപനം ഈ മാസം 21 ന് പുറപ്പെടുവിക്കും. നാമനിർദ്ദേശപത്രിക ഈ മാസം 21 മുതൽ 28 വരെ രാവിലെ 11 നും 3 നും ഇടയിൽ വരണാധികാരിക്ക് സമർപ്പിക്കാം. സൂക്ഷ്മപരിശോധന 29 ന് നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 2 ആണ്. വോട്ടെടുപ്പ് ഡിസംബർ 17 ന് രാവിലെ 7.00 മണിക്ക് ആരംഭിച്ച് വൈകിട്ട് 5.00 മണിക്ക് അവസാനിക്കും വോട്ടെണ്ണൽ ഡിസംബർ 18 ന് രാവിലെ 10 മണിക്ക് ആരംഭിക്കും.

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിലെ ഷുഗർ ഫാക്ടറി, കോന്നി ഗ്രാമപഞ്ചായത്തിലെ എലിയറയ്ക്കൽ, ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി ഗ്രാമപഞ്ചായത്തിലെ ഹൈസ്കൂൾ വാർഡ്, പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ ചതുർത്ഥ്യാകരി, പത്തിയൂർ ഗ്രാമ പഞ്ചായത്തിലെ കരുവറ്റുംകുഴി, ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ കുമ്പിളിശ്ശേരി, കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിലെ പൂവത്തിളപ്പ്, വിജയപുരം ഗ്രാമപഞ്ചായത്തിലെ നാൽപാമറ്റം, വൈക്കം മുനിസിപ്പാലിറ്റിയിലെ എൽ.എഫ്. ചർച്ച്, ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമ പഞ്ചായത്തിലെ ശാസ്തനട, എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിലെ തോട്ടുവ, തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ പൊങ്ങണംകാട്, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ താണവീഥി, പാലക്കാട് ജില്ലയിലെ ഷൊർണൂർ മുനിസിപ്പാലിറ്റിയിലെ തത്തംകോട്, ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ ചേരിക്കുന്ന്, മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ തോട്ടേക്കാട്, കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിലെ കൊളങ്ങാട്ട് താഴെ, വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ കൂട്ടങ്ങാരം, മണിയൂർ ഗ്രാമപഞ്ചായത്തിലെ എടത്തുംകര, പതിയാരക്കര,നോർത്ത് വാർഡുകൾ, ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ നെരോത്ത്, വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ കോക്കുഴി, കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തിലെ ഏഴിമല, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ എടക്കാട്, തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ടെമ്പിൾ, കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിലേ മാലോം, കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ ഹൊന്നമൂല, തെരുവത്ത് എന്നീ വാർഡുകളിലാണ് ഡിസംബർ 17 ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

*(എസ്.ഇ.സി.37/2019)*

## പഞ്ചായത്ത് അംഗങ്ങളെ അയോഗ്യരാക്കി

കൂറുമാറ്റ നിരോധന നിയമപ്രകാരം റാന്നി പഴവങ്ങാടി ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ ബിനു.സി.മാത്യു, ലിജി ചാക്കോ, ബോബി അബ്രഹാം എന്നിവരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി . ഭാസ്കരൻ അയോഗ്യരാക്കി.

നിലവിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങളായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലേക്ക് മത്സരിക്കുന്നതിനും 2019 നവംബർ 12 മുതൽ ആറ് വർഷത്തേയ്ക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത് .

2015 നവംബറിൽ നടന്ന തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ ബിനു.സി.മാത്യു ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിന്തുണയുള്ള സ്വതന്ത്രനായും ലിജി ചാക്കോ ജനാതാദൾ പിന്തുണയുള്ള സ്വതന്ത്രയായും ബോബി എബ്രഹാം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) പിന്തുണയുള്ള സ്വതന്ത്രനായുമാണ് റാന്നി പഴവങ്ങാടി ഗ്രാമ പഞ്ചായത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടത്. ഈ എൽ.ഡി.എഫ് അംഗങ്ങൾ 23.05.2017-ൽ നടന്ന പ്രസിഡന്റിനെതിരെയും വൈസ് പ്രസിഡന്റിനെതിരെയുമുള്ള അവിശ്വാസ പ്രമേയ വോട്ടെടുപ്പിൽ പങ്കെടുക്കുകയും അവിശ്വാസ പ്രമേയത്തിന് അനുകൂലമായി വോട്ടു ചെയ്യുകയും ചെയ്തു. അവിശ്വാസ പ്രമേയത്തിനെ എതിർത്ത് വോട്ട് ചെയ്യുന്നതിനാണ് ഈ പഞ്ചായത്ത് അംഗങ്ങൾക്ക് ഇവരുടെ പാർട്ടി വിപ്പ് നൽകിയിരുന്നത്. ഇതുമൂലം എൽ.ഡി.എഫ് കാരായ പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും എതിരെയുള്ള അവിശ്വാസ പ്രമേയം പാസ്സാകുകയും അവർക്ക് സ്ഥാനം നഷ്ടപ്പെടുകയും ചെയ്തിരുന്നു. അംഗങ്ങൾ ഇപ്രകാരം വോട്ട് ചെയ്ത നടപടി വിപ്പിന്റെ ലംഘനമായി കണ്ടാണ് കമ്മീഷന്റെ ഈ ഉത്തരവ്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) ഗ്രാമ പഞ്ചായത്ത് അംഗം എബ്രഹാം (അനിൽ തുണ്ടിയിൽ) ആയിരുന്നു ഹർജിക്കാരൻ.

*(എസ്.ഇ.സി.36/2019)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **1st November 2019** |

## തിരുവനന്തപുരം കോർപറേഷൻ മേയർ തിരഞ്ഞെടുപ്പ് നവംബർ 12 ന്

തിരുവനന്തപുരം കോർപറേഷൻ മേയർ തിരഞ്ഞെടുപ്പ് നവംബർ 12 ന് നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്ക്കരൻ വരണാധികാരിക്ക് നിർദേശം നൽകി. തിരുവനന്തപുരം ജില്ലാ കളക്ടറാണ് വരണാധികാരി. കോർപറേഷൻ മേയർ അഡ്വ. വി. കെ. പ്രശാന്ത് ഉപതിരഞ്ഞെടുപ്പിൽ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്നാണ് മേയർ സ്ഥാനത്തു ഒഴിവ് വന്നത്.

*(എസ്.ഇ.സി.35/2019)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**15th October 2019**

## സംസ്ഥാനത്തെ 28 തദ്ദേശ സ്ഥാപന വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു

ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ 12 ജില്ലകളിലെ 28 വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീ സർമാർക്ക് നിർദ്ദേശം നൽകി.

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ ഒരു വാർഡിലെയും വൈക്കം, ഷൊർണൂർ, ഒറ്റപ്പാലം, തലശ്ശേരി മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡുകളിലേയും കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ രണ്ട് വാർഡുകളിലേയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 21 ഗ്രാമപഞ്ചായത്ത് വാർഡുകളിലേയും വോട്ടർപട്ടികയാണ് പുതുക്കുന്നത്.

ഈ വാർഡുകളിലെ കരട് വോട്ടർപട്ടിക നാളെ (ഒക്ടോബർ 16 ന്) പ്രസിദ്ധീകരിക്കും. അവകാശവാദങ്ങളും ആക്ഷേപങ്ങളും ഒക്ടോബർ 30 വരെ ഓൺലൈനായി സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന് - ഫാറം 4, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന് - ഫാറം 6, പോളിംഗ് സ്റ്റേഷൻ/വാർഡ് സ്ഥാനമാറ്റം - ഫാറം 7 എന്നീ അപേക്ഷകളാണ് ഓൺലൈനായി സ്വീകരിക്കുക. പേര് ഒഴിവാക്കുന്നതിന് ഫാറം-5-ൽ നേരിട്ടോ, രജിസ്റ്റേർഡ് തപാലിലൂടെയോ അപേക്ഷിക്കണം. ഓൺലൈൻ അപേക്ഷകൻ കമ്മീഷന്റെ www.lsgelection.kerala.gov.in എന്ന വെബ് സൈറ്റിലൂടെയാണ് സമർപ്പിക്കേണ്ടത്.

അവകാശവാദങ്ങളിലും ആക്ഷേപങ്ങളിലും തീർപ്പ് കൽപ്പിക്കുന്നതിനുള്ള അവസാന തീയതി നവംബർ 11 ആണ്. അന്തിമ വോട്ടർപട്ടിക നവംബർ 13-ന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാതീയതിയായ 2019 ജനുവരി ഒന്നിനോ, അതിനുമുമ്പോ 18 വയസ് തികഞ്ഞിട്ടുള്ളവർക്കാണ് പുതുതായി പേര് ചേർക്കാനുള്ള അപേക്ഷ നൽകാൻ കഴിയുന്നത്. കരട് വോട്ടർപട്ടിക ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ ഓഫീസുകളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും പ്രസിദ്ധീകരിക്കും. നിലവിലെ പട്ടിക www.lsgelection.kerala.gov.in -ൽ ലഭ്യമാണ്.

പത്തനംതിട്ട ജില്ലയിൽ കടപ്ര ഗ്രാമ പഞ്ചായത്തിലെ ഷുഗർ ഫാക്ടറി വാർഡ്, കോന്നി ഗ്രാമ പഞ്ചായത്തിലെ എലിയറയ്ക്കൽ, ആലപ്പുഴ ജില്ലയിൽ അരൂക്കുറ്റി ഗ്രാമ പഞ്ചായത്തിലെ ഹൈസ്കൂൾ വാർഡ്, പുളിങ്കുന്ന് ഗ്രാമ പഞ്ചായത്തിലെ ചതുർത്ഥ്യാകരി, പത്തിയൂർ ഗ്രാമപഞ്ചായത്തിലെ കരുവറ്റുംകുഴി, ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിലെ കുമ്പിളിശ്ശേരി, കോട്ടയം ജില്ലയിൽ അകലക്കുന്നം ഗ്രാമ പഞ്ചായത്തിലെ പൂവത്തിളപ്പ്, വിജയപുരം ഗ്രാമ പഞ്ചായത്തിലെ നാൽപാമറ്റം, വൈക്കം മുനിസിപ്പാലിറ്റിയിലെ എൽ.എഫ് ചർച്ച് വാർഡ്, ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമ പഞ്ചായത്തിലെ ശാസ്തനട വാർഡ്, എറണാകുളം ജില്ലയിൽ മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്തിലെ തോട്ടുവ വാർഡ്, തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമ പഞ്ചായത്തിലെ പൊങ്ങണംകാട്, മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിലെ താണവീഥി, പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെ തത്തംകോട്, ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ ചേരിക്കുന്ന്, മലപ്പുറം ജില്ലയിൽ പുൽപ്പറ്റ ഗ്രാമ പഞ്ചായത്തിലെ തോട്ടേക്കാട്, കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമ പഞ്ചായത്തിലെ കൊളങ്ങാട്ട്താഴ, വില്യാപ്പള്ളി ഗ്രാമ പഞ്ചായത്തിലെ കൂട്ടങ്ങാരം, മണിയൂർ ഗ്രാമ പഞ്ചായത്തിലെ എടത്തുംകര, പതിയാക്കര നോർത്ത് വാർഡുകൾ, ഉണ്ണിക്കുളം ഗ്രാമപഞ്ചായത്തിലെ നെരോത്ത്, വയനാട് ജില്ലയിൽ വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിലെ കോക്കുഴി, കണ്ണൂർ ജില്ലയിൽ രാമന്തളി ഗ്രാമ പഞ്ചായത്തിലെ ഏഴിമല, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ എടക്കാട് വാർഡ്, തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ടെമ്പിൾ വാർഡ്, കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമ പഞ്ചായത്തിലെ മാലോം, കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ ഹൊണ്ണമൂല, തെരുവത്ത് വാർഡുകൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർ പട്ടിക പുതുക്കുന്നത്.

*(എസ്.ഇ.സി.34/2019)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**15th October 2019**

## കൌൺസിലറെ അയോഗ്യയാക്കി

കൂറുമാറ്റ നിരോധന നിയമപ്രകാരം തൃക്കാക്കര മുനിസിപ്പൽ കൌൺസിലറായ ഷീല ചാരുവിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി . ഭാസ്കരൻ അയോഗ്യയാക്കി. നിലവിൽ മുനിസിപ്പൽ കൌൺസിലറായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിനും 2019 ഒക്ടോബർ 11 മുതൽ ആറ് വർഷത്തേയ്ക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത് .

തൃക്കാക്കര മുനിസിപ്പാലിറ്റിയിലേയ്ക്ക് 2015 നവംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയുടെ കൌൺസിലർ ആയി തിരഞ്ഞെടുക്കപ്പെട്ട ഇവർ 27.11.2018-ൽ നടന്ന മുനിസിപ്പൽ ചെയർപേഴ്സനെതിരെയുള്ള അവിശ്വാസ പ്രമേയ വോട്ടെടുപ്പിൽ പങ്കെടുക്കുകയും അവിശ്വാസ പ്രമേയത്തിൽ അനുകൂലമായി വോട്ട് ചെയ്യുകയും ചെയ്തു. എൽ.ഡി.എഫ്. കൊണ്ടു വന്ന അവിശ്വാസ പ്രമേയത്തിന്റെ വോട്ടെടുപ്പിൽ നിന്നും വിട്ടു നിൽക്കുന്നതിനാണ് കോൺഗ്രസ് പാർട്ടി കൌൺസിലർക്ക് വിപ്പ് നൽകിയിരുന്നത്. കൌൺസിലർ വോട്ട് ചെയ്തതുമൂലം യു.ഡി.എഫ്. കാരിയായ മുനിസിപ്പൽ ചെയർപേഴ്സന് എതിരെയുള്ള അവിശ്വാസ പ്രമേയം പാസ്സാകുകയും അവർക്ക് സ്ഥാനം നഷ്ടപ്പെടുകയും ചെയ്തിരുന്നു. വോട്ട് ചെയ്ത നടപടി വിപ്പിന്റെ ലംഘനമായി കണ്ടാണ് കമ്മീഷന്റെ ഈ ഉത്തരവ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയുടെ തന്നെ മുനിസിപ്പൽ കൌൺസിലർ ടി.ടി.ബാബുവായിരുന്നു ഹർജിക്കാരൻ.

*(എസ്.ഇ.സി.33/2019)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**4th September 2019**

## തദ്ദേശസ്വയംഭരണ ഉപതിരഞ്ഞെടുപ്പ്: യു.ഡി.എഫ് 15 ഉം എൽ.ഡി.എഫ് 11 ഉം ബി.ജെ.പി 1 ഉം സീറ്റുകൾ നേടി

സംസ്ഥാനത്തെ 27 തദ്ദേശസ്വയംഭരണ വാർഡുകളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് 15 ഉം എൽ.ഡി.എഫ് 11 ഉം ബി.ജെ.പി 1 ഉം സീറ്റുകൾ നേടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

യു.ഡി.എഫ് വിജയിച്ച വാർഡ്, സ്ഥാനാർത്ഥി, പാർട്ടി, ഭൂരിപക്ഷം എന്ന ക്രമത്തിൽ തിരുവനന്തപുരം - പോത്തൻകോട് ബ്ലോക്ക്പഞ്ചായത്ത് - കണിയാപുരം - കുന്നുപുറം വാഹിദ് - ഐഎൻസി - 1056, ചെങ്കൽ ഗ്രാമപഞ്ചായത്ത് - മര്യാപുരം - സാംരാജ്. പി - ഐഎൻസി - 455, കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് - നിലമാമൂട് - ഷിബുകുമാർ - ഐഎൻസി - 169, അമ്പൂരി ഗ്രാമപഞ്ചായത്ത് - തുടിയംകോണം - പി. രാജു - ഐഎൻസി - 149, പാങ്ങോട് ഗ്രാമപഞ്ചായത്ത് - അടപ്പുപാറ - അശ്വതി പ്രദീപ് - ഐഎൻസി - 190, കൊല്ലം - കുണ്ടറ ഗ്രാമപഞ്ചായത്ത് - റോഡ് കടവ് - അനിൽ കുമാർ സി - ആർ.എസ്.പി - 104, പത്തനംതിട്ട - നാറാണം മൂഴി ഗ്രാമപഞ്ചായത്ത് - കക്കുടുമൺ - ആനിയമ്മ അച്ചൻകുഞ്ഞ് - ഐഎൻസി - 103, ഇടുക്കി - അടിമാലി ബ്ലോക്ക് പഞ്ചായത്ത് - കൊന്നത്തടി - അമ്പിളി സലിലൻ - ഐഎൻസി - 522, എറണാകുളം - മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് - പെരുമ്പിള്ളി - ജോളി ജോർജ്ജ് - ഐഎൻസി - 161, കളമശ്ശേരി മുനിസിപ്പാലിറ്റി - . ഉണിച്ചിറ - റ്റി. ആർ. വിനോദ് - ഐഎൻസി - 221, തൃശൂർ - കുഴൂർ ഗ്രാമപഞ്ചായത്ത് - കുഴൂർ - നീതാ കൃഷ്ണ - ഐഎൻസി - 118, പാലക്കാട് - ഷൊർണൂർ മുനിസിപ്പാലിറ്റി - ഷൊർണൂർ ടൗൺ - പ്രവീൺ - ഐഎൻസി - 392, പാലക്കാട് മുനിസിപ്പാലിറ്റി - . നരികുത്തി - റിസ്വാന - ഐ.യു.എം.എൽ - 87, മലപ്പുറം - നന്നംമുക്ക് ഗ്രാമപഞ്ചായത്ത് - പെരുമ്പാൾ - സാഹിറ - ഐഎൻസി - 23, കോഴിക്കോട് - കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് - പൂവാട്ടുപറമ്പ് - നസീബ റായ് - ഐഎൻസി – 905.

എൽ.ഡി.എഫ് വിജയിച്ചവ തിരുവനന്തപുരം - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് - മണമ്പൂർ - അഡ്വ. എസ്. ഷാജഹാൻ - സിപിഐ(എം) - 1921, പോത്തൻകോട് ഗ്രാമപഞ്ചായത്ത് - മണലകം - എൻ. രാജേന്ദ്രൻ -

സി.പി.ഐ - 27, കൊല്ലം - കുളക്കട ഗ്രാമപഞ്ചായത്ത് - മലപ്പാറ - സുനിൽ കുമാർ - സിപിഐ(എം) - 198, പാലക്കാട് - പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് - മുന്നൂർക്കോട് നോർത്ത് - രതിമോൾ - സിപിഐ(എം) - 34, തെങ്കര ഗ്രാമപഞ്ചായത്ത് - മണലടി - സി.എച്ച്. ഷനൂബ് - എൽഡിഎഫ് (സ്വതന്ത്രൻ) - 270, പല്ലശ്ശന ഗ്രാമ പഞ്ചായത്ത് - മഠത്തിൽക്കളം - കെ.കെ.യശോദ - സിപിഐ(എം) - 54, നെല്ലിയാമ്പതി ഗ്രാമ പഞ്ചായത്ത് - . പുലയമ്പാറ - മീന. വി - സിപിഐ(എം) - 99, മലപ്പുറം - മങ്കട ഗ്രാമപഞ്ചായത്ത് - കോഴിക്കോട്ടു പറമ്പ് - സി. പി. നസീറ - സിപിഐ - 357, കോഴിക്കോട് - കോട്ടൂർ ഗ്രാമ പഞ്ചായത്ത് - പടിയക്കണ്ടി - അനിത പാറക്കുന്നത്ത് - സിപിഐ(എം) - 255, മേലടി ബ്ലോക്ക് പഞ്ചായത്ത് - തിക്കോടി - സുനിത. വി.എം - സിപിഐ(എം) - 700, കാസർഗോഡ് - ബേഡഡുക്ക ഗ്രാമ പഞ്ചായത്ത് - കാരക്കാട് - സരസ്വതി. എ.റ്റി - സിപിഐ(എം) – 399.

ബി.ജെ.പി വിജയിച്ചത്, തിരുവനന്തപുരം - കാരോട് ഗ്രാമപഞ്ചായത്ത് - കാന്തള്ളൂർ - കെ.പ്രമോദ് - ബി.ജെ.പി - 34

യുഡിഎഫിൽ നിന്നും എൽഡിഎഫ് 1 സീറ്റ് പിടിച്ചെടുത്തു. എൽഡിഎഫിൽ നിന്ന് യുഡിഎഫ് 4 ഉം ബിജെപി ഒന്നും സീറ്റുകൾ പിടിച്ചെടുത്തു. കഴിഞ്ഞ തവണ സ്വതന്ത്രൻ വിജയിച്ച 4 സീറ്റുകളിൽ 3 സീറ്റുകൾ എൽ.ഡി. എഫിനും ഒരു സീറ്റ് യു.ഡി.എഫിനും ലഭിച്ചു.

മഠത്തിൽകളം വാർഡ് യുഡിഎഫിൽ നിന്നും എൽഡിഎഫ് പിടിച്ചെടുത്തു. നിലമാമൂട്, തുടിയംകോണം, അടപ്പുപാറ, കൊന്നത്തടി വാർഡുകൾ എൽ.ഡി.എഫിൽ നിന്ന് യുഡിഎഫും കാന്തള്ളൂർ വാർഡ് എൽ.ഡി.എഫിൽ നിന്നും ബിജെപിയും പിടിച്ചെടുത്തു. കഴിഞ്ഞ തവണ സ്വതന്ത്രൻ വിജയിച്ച മണലകം, മലപ്പാറ, മണലടി വാർഡുകളിൽ എൽഡിഎഫ് സ്ഥാനാർത്ഥികളും മര്യാപുരം വാർഡിൽ യുഡിഎഫ് സ്ഥാനാർത്ഥിയും വിജയിച്ചു.

എൽഡിഎഫ് 12 യുഡിഎഫ് 11 സ്വതന്ത്രർ 4 എന്നിങ്ങനെയായിരുന്നു നിലവിലെ കക്ഷിനില.

*(എസ്.ഇ.സി.32/2019)*

| | | |
|---|---|---|
| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **പത്രക്കുറിപ്പ്**<br>**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | TELEPHONE: 0471-2321233<br>MOBILE :8281000127<br>**www.sec.kerala.gov.in**<br>**3rd September 2019** |

## തദ്ദേശ സ്വയംഭരണ ഉപതിരഞ്ഞെടുപ്പിൽ 72 ശതമാനം പോളിംഗ്

സംസ്ഥാനത്തെ 10 ജില്ലകളിലെ 27 തദ്ദേശസ്വയംഭരണ വാർഡുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ 72.18 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ മണമ്പൂർ വാർഡിലും തിരുവനന്തപുരം, ഇടുക്കി, കോഴിക്കോട് ജില്ലകളിലെ നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ 19 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കളമശ്ശേരി, ഷൊർണ്ണൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്. വോട്ടെണ്ണൽ നാളെ (സെപ്റ്റംബർ 4) രാവിലെ 10-ന് ആരംഭിക്കും.
ഉപതിരഞ്ഞെടുപ്പ് നടന്ന ഓരോ തദ്ദേശസ്വയംഭരണ വാർഡുകളിലേയും രേഖപ്പെടുത്തിയ പോളിംഗ് ശതമാനം താഴെപ്പറയുന്ന ക്രമത്തിലാണ്.

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ മണമ്പൂർ(52.97), പോത്തൻകോട് ബ്ലോക്ക്പഞ്ചായത്തിലെ കണിയാപുരം(50.97), കാരോട് ഗ്രാമ പഞ്ചായത്തിലെ കാന്തള്ളൂർ(88.65), ചെങ്കലിലെ മര്യാപുരം(74), കുന്നത്തുകാലിലെ നിലമാമൂട്(81.83), അമ്പൂരിയിലെ തുടിയംകോണം(75.97), പോത്തൻകോടിലെ മണലകം(69.68), പാങ്ങോടിലെ അടപ്പുപാറ(72.75), കൊല്ലം ജില്ലയിൽ കുറ ഗ്രാമ പഞ്ചായത്തിലെ റോഡ് കടവ്(74.94), കുളക്കടയിലെ മലപ്പാറ(70.3), പത്തനംതിട്ട ജില്ലയിൽ നാറാണം മൂഴി ഗ്രാമ പഞ്ചായത്തിലെ കക്കുടുമൺ(63.87), ഇടുക്കി ജില്ലയിൽ അടിമാലി ബ്ലോക്ക് പഞ്ചായത്തിലെ കൊന്നത്തടി(46.48), എറണാകുളം ജില്ലയിൽ കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ ഉണിച്ചിറ(69.93), മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ പെരുമ്പിള്ളി(79.38), തൃശൂർ ജില്ലയിൽ കുഴൂർ ഗ്രാമപഞ്ചായത്തിലെ കുഴൂർ(71.5), പാലക്കാട് ജില്ലയിൽ ഷൊർണൂർ മുനിസിപ്പാലിറ്റിയിലെ ഷൊർണൂർ ടൗൺ(68.56), പാലക്കാട് മുനിസിപ്പാലിറ്റിയിലെ നരികുത്തി(74.52), പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ മുന്നൂർക്കോട് നോർത്ത്(72.4), തെങ്കരയിലെ മണലടി(81.75), പല്ലശ്ശനയിലെ മഠത്തിൽക്കളം(86.87), നെല്ലിയാമ്പതിയിലെ പുലയമ്പാറ(77.18), മലപ്പുറം ജില്ലയിൽ മങ്കട ഗ്രാമപഞ്ചായത്തിലെ കോഴിക്കോട്ടുപറമ്പ്(80.97), നന്നംമുക്കിലെ പെരുമ്പാൾ(72.61), കോഴിക്കോട് ജില്ലയിൽ മേലടി ബ്ലോക്ക് പഞ്ചായത്തിലെ തിക്കോടി(57.68), കുന്ദമംഗലത്തിലെ പൂവാട്ടുപറമ്പ്(74.3), കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ പടിയക്കി(80.9), കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക ഗ്രാമ പഞ്ചായത്തിലെ കാരക്കാട്(77.83).

*(എസ്.ഇ.സി.31/2019)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

1st September 2019

## 27 തദ്ദേശ വാർഡുകളിൽ ചൊവ്വാഴ്ച്ച ഉപതിരഞ്ഞെടുപ്പ്

പത്ത് ജില്ലകളിലെ 27 തദ്ദേശസ്വയംഭരണ വാർഡുകകളിൽ ചൊവ്വാഴ്ച (സെപ്റ്റംബർ 03) ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ മണമ്പൂർ വാർഡിലും തിരുവനന്തപുരം, ഇടുക്കി, കോഴിക്കോട് ജില്ലകളിലെ നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ 19 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കളമശ്ശേരി, ഷൊർണ്ണൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ്.

വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5-ന് അവസാനിക്കും. ബുധനാഴ്ച (സെപ്റ്റംബർ 04) രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

വോട്ട് ചെയ്യുന്നതിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻകാർഡ്, ആധാർ കാർഡ്, ഫോട്ടോപതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പിന് ആറു മാസത്തിന് മുമ്പ് നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാം.

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ മണമ്പൂർ, പോത്തൻകോട് ബ്ലോക്ക്പഞ്ചായത്തിലെ കണിയാപുരം, കാരോട് ഗ്രാമ പഞ്ചായത്തിലെ കാന്തള്ളൂർ, ചെങ്കലിലെ മര്യാപുരം, കുന്നത്തുകാലിലെ നിലമാമൂട്, അമ്പൂരിയിലെ തുടിയംകോണം, പോത്തൻകോടിലെ മണലകം, പാങ്ങോടിലെ അടപ്പുപാറ, കൊല്ലം ജില്ലയിൽ കുണ്ടറ ഗ്രാമ പഞ്ചായത്തിലെ റോഡ് കടവ്, കുളക്കടയിലെ മലപ്പാറ, പത്തനംതിട്ട ജില്ലയിൽ നാറാണം മൂഴി ഗ്രാമ പഞ്ചായത്തിലെ കക്കുടുമൺ, ഇടുക്കി ജില്ലയിൽ അടിമാലി ബ്ലോക്ക് പഞ്ചായത്തിലെ കൊന്നത്തടി, എറണാകുളം ജില്ലയിൽ കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ ഉണിച്ചിറ, മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ പെരുമ്പിള്ളി, തൃശൂർ ജില്ലയിൽ കുഴൂർ ഗ്രാമപഞ്ചായത്തിലെ കുഴൂർ, പാലക്കാട് ജില്ലയിൽ ഷൊർണൂർ മുനിസിപ്പാലിറ്റിയിലെ ഷൊർണൂർ ടൗൺ, പാലക്കാട് മുനിസിപ്പാലിറ്റിയിലെ നരികുത്തി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ മുന്നൂർക്കോട് നോർത്ത്, തെങ്കരയിലെ മണലടി, പല്ലശ്ശനയിലെ മഠത്തിൽക്കളം, നെല്ലിയാമ്പതിയിലെ പുലയമ്പാറ, മലപ്പുറം ജില്ലയിൽ മങ്കട ഗ്രാമപഞ്ചായത്തിലെ കോഴിക്കോട്ടുപറമ്പ്, നന്നംമുക്കിലെ പെരുമ്പാൾ, കോഴിക്കോട് ജില്ലയിൽ മേലടി ബ്ലോക്ക് പഞ്ചായത്തിലെ തിക്കോടി, കുന്ദമംഗലത്തിലെ പൂവാട്ടുപറമ്പ്, കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ പടിയക്കണ്ടി, കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക ഗ്രാമ പഞ്ചായത്തിലെ കാരക്കാട് എന്നീ വാർഡുകളിലാണ് ചൊവ്വാഴ്ച (സെപ്റ്റംബർ 3-ന്) ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

*(എസ്.ഇ.സി.30/2019)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**9th August 2019**

## തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ്: വിജ്ഞാപനമായി

സംസ്ഥാനത്തെ 10 ജില്ലകളിലെ 27 തദ്ദേശസ്വയംഭരണ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്ക്കരൻ പുറപ്പെടുവിച്ചു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ മണമ്പൂർ വാർഡിലും തിരുവനന്തപുരം, ഇടുക്കി, കോഴിക്കോട് ജില്ലകളിലെ നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ 19 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കളമശ്ശേരി, ഷൊർണ്ണൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡുകളിലുമാണ് സെപ്റ്റംബർ 3-ന് ഉപതിരഞ്ഞെടുപ്പ്.

നാമനിർദ്ദേശ പത്രിക ആഗസ്റ്റ് 9 മുതൽ 16 വരെ, രാവിലെ 11 നും 3 നും ഇടയിൽ സമർപ്പിക്കാം. സൂക്ഷ്മപരിശോധന 17-ന് നടക്കും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന ദിവസം 19 ആണ്. വോട്ടെടുപ്പ് സെപ്റ്റംബർ 3-ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5-ന് അവസാനിക്കും. വോട്ടെണ്ണൽ 4-ന് രാവിലെ 10-ന് നടക്കും.

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ മണമ്പൂർ, പോത്തൻകോട് ബ്ലോക്ക്പഞ്ചായത്തിലെ കണിയാപുരം, കാരോട് ഗ്രാമ പഞ്ചായത്തിലെ കാന്തള്ളൂർ, ചെങ്കലിലെ മര്യാപുരം, കുന്നത്തുകാലിലെ നിലമാമൂട്, അമ്പൂരിയിലെ തുടിയംകോണം, പോത്തൻകോടിലെ മണലകം, പാങ്ങോടിലെ അടപ്പുപാറ, കൊല്ലം ജില്ലയിൽ കുണ്ടറ ഗ്രാമ പഞ്ചായത്തിലെ റോഡ് കടവ്, കുളക്കടയിലെ മലപ്പാറ, പത്തനംതിട്ട ജില്ലയിൽ നാറാണം മൂഴി ഗ്രാമ പഞ്ചായത്തിലെ കക്കുടുമൺ, ഇടുക്കി ജില്ലയിൽ അടിമാലി ബ്ലോക്ക് പഞ്ചായത്തിലെ കൊന്നത്തടി, എറണാകുളം ജില്ലയിൽ കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ ഉണിച്ചിറ, മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ പെരുമ്പിള്ളി, തൃശൂർ ജില്ലയിൽ കുഴൂർ ഗ്രാമപഞ്ചായത്തിലെ കുഴൂർ, പാലക്കാട് ജില്ലയിൽ ഷൊർണൂർ മുനിസിപ്പാലിറ്റിയിലെ ഷൊർണൂർ ടൗൺ, പാലക്കാട് മുനിസിപ്പാലിറ്റിയിലെ നരികുത്തി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ മുന്നൂർക്കോട് നോർത്ത്, തെങ്കരയിലെ മണലടി, പല്ലശ്ശനയിലെ മഠത്തിൽക്കളം, നെല്ലിയാമ്പതിയിലെ പുലയമ്പാറ, മലപ്പുറം ജില്ലയിൽ മങ്കട ഗ്രാമപഞ്ചായത്തിലെ കോഴിക്കോട്ടുപറമ്പ്, നന്നംമുക്കിലെ പെരുമ്പാൾ, കോഴിക്കോട് ജില്ലയിൽ മേലടി ബ്ലോക്ക് പഞ്ചായത്തിലെ തിക്കോടി, കുന്ദമംഗലത്തിലെ പൂവാട്ടുപറമ്പ്, കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ പടിയക്കണ്ടി, കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക ഗ്രാമ പഞ്ചായത്തിലെ കാരക്കാട് എന്നീ വാർഡുകളിലാണ് സെപ്റ്റംബർ 3-ന് ഉപതിരഞ്ഞെടുപ്പ് നടക്കുക.

*(എസ്.ഇ.സി.29/2019)*

## മുനിസിപ്പൽ കൗൺസിലറെ അയോഗ്യയാക്കി

കൂറുമാറ്റ നിരോധന നിയമപ്രകാരം തിരുവല്ല മുനിസിപ്പൽ കൗൺസിലർ ശ്രീമതി. കൃഷ്ണകുമാരി. എ. പി. യെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അയോഗ്യയാക്കി.

നിലവിൽ കൗൺസിലർ സ്ഥാനത്ത് തുടരുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിനും 2019 ആഗസ്റ്റ് 7 മുതൽ ആറ് വർഷത്തേയ്ക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്.

2015 നവംബറിൽ നടന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയുടെ കൗൺസിലറായി തിരുവല്ല മുനിസിപ്പാലിറ്റിയിൽലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഇവർ, 18.04.2017 -ൽ മുനിസിപ്പൽ ചെയർമാനെതിരെ കോൺഗ്രസ് പാർട്ടി കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തിൻമേലുള്ള വോട്ടെടുപ്പിൽ നിന്നും വിട്ട് നിന്നിരുന്നു. അവിശ്വാസ പ്രമേയത്തെ അനുകൂലിച്ച് വോട്ട് ചെയ്യാൻ കോൺഗ്രസ് പാർട്ടി നൽകിയ വിപ്പ് ലംഘിച്ച കൗൺസിലറുടെ ഈ നടപടി കൂറുമാറ്റമാണ് എന്നു കണ്ടെത്തിയാണ് അയോഗ്യയാക്കിയത്. തിരുവല്ല മുനിസിപ്പൽ കൗൺസിലറായ ശ്രീ. ആർ. ജയകുമാർ സമർപ്പിച്ച ഹർജ്ജി തീർപ്പാക്കികൊണ്ടാണ് കമ്മീഷൻ ഇപ്രകാരം ഉത്തരവായത്.

*(എസ്.ഇ.സി.28/2019)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

5th August 2019

## തദ്ദേശ സ്വയംഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പ് സെപ്റ്റംബർ 3–ന്.

സംസ്ഥാനത്തെ 10 ജില്ലകളിലെ 27 തദ്ദേശസ്വയംഭരണ വാർഡുകളിൽ സെപ്റ്റംബർ 3–ന് ഉപതിരഞ്ഞെടുപ്പ് നടക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ മണമ്പൂർ വാർഡിലും തിരുവനന്തപുരം, ഇടുക്കി, കോഴിക്കോട് ജില്ലകളിലെ നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ 19 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കളമശ്ശേരി, ഷൊർണ്ണൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡുകളിലുമാണ് സെപ്റ്റംബർ 3–ന് ഉപതിരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റചട്ടം നിലവിൽ വന്നു. തിരഞ്ഞെടുപ്പ് വിജ്ഞാപനം ഈ മാസം 9–ന് പുറപ്പെടുവിക്കും, നാമനിർദ്ദേശ പത്രിക ആഗസ്റ്റ് 9 മുതൽ രാവിലെ 11 നും 3 നും ഇടയിൽ 16 വരെ സമർപ്പിക്കാം. സൂക്ഷ്മപരിശോധന 17–ന് നടക്കും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന ദിവസം 19 ആണ്. വോട്ടെടുപ്പ് സെപ്റ്റംബർ 3–ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5–ന് അവസാനിക്കും. വോട്ടെണ്ണൽ 4–ന് രാവിലെ 10–ന് നടക്കും.

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ മണമ്പൂർ, പോത്തൻകോട് ബ്ലോക്ക്പഞ്ചായത്തിലെ കണിയാപുരം, കാരോട് ഗ്രാമ പഞ്ചായത്തിലെ കാന്തള്ളൂർ, ചെങ്കലിലെ മര്യാപുരം, കുന്നത്തുകാലിലെ നിലമാമൂട്, അമ്പൂരിയിലെ തുടിയംകോണം, പോത്തൻകോടിലെ മണലകം, പാങ്ങോടിലെ അടപ്പുപാറ, കൊല്ലം ജില്ലയിൽ കുണ്ടറ ഗ്രാമ പഞ്ചായത്തിലെ റോഡ് കടവ്, കുളക്കടയിലെ മലപ്പാറ, പത്തനംതിട്ട ജില്ലയിൽ നാറാണം മൂഴി ഗ്രാമ പഞ്ചായത്തിലെ കക്കുടുമൺ, ഇടുക്കി ജില്ലയിൽ അടിമാലി ബ്ലോക്ക് പഞ്ചായത്തിലെ കൊന്നത്തടി, എറണാകുളം ജില്ലയിൽ കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ ഉണിച്ചിറ, മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ പെരുമ്പിള്ളി, തൃശൂർ ജില്ലയിൽ കുഴൂർ ഗ്രാമപഞ്ചായത്തിലെ കുഴൂർ, പാലക്കാട് ജില്ലയിൽ ഷൊർണൂർ മുനിസിപ്പാലിറ്റിയിലെ ഷൊർണൂർ ടൗൺ, പാലക്കാട് മുനിസിപ്പാലിറ്റിയിലെ നരികുത്തി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ മുന്നൂർക്കോട് നോർത്ത്, തെങ്കരയിലെ മണലടി, പല്ലശ്ശനയിലെ മഠത്തിൽക്കളം, നെല്ലിയാമ്പതിയിലെ പുലയമ്പാറ, മലപ്പുറം ജില്ലയിൽ മങ്കട ഗ്രാമപഞ്ചായത്തിലെ കോഴിക്കോട്ടുപറമ്പ്, നന്നംമുക്കിലെ പെരുമ്പാൾ, കോഴിക്കോട് ജില്ലയിൽ മേലടി ബ്ലോക്ക് പഞ്ചായത്തിലെ തിക്കോടി, കുന്ദമംഗലത്തിലെ പൂവാട്ടുപറമ്പ്, കോട്ടൂർ ഗ്രാമപഞ്ചായത്തിലെ പടിയക്കണ്ടി, കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക ഗ്രാമ പഞ്ചായത്തിലെ കാരക്കാട് എന്നീ വാർഡുകളിലാണ് സെപ്റ്റംബർ 3–ന് ഉപതിരഞ്ഞെടുപ്പ് നടക്കുക.

*(എസ്.ഇ.സി.27/2019)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**3rd August 2019**

## തദ്ദേശ ഉപതിരഞ്ഞെടുപ്പ്:വോട്ടർപട്ടിക: അപേക്ഷകളും ആക്ഷേപങ്ങളും നൽകാം

സംസ്ഥാനത്തെ 28 തദ്ദേശസ്വയംഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി ഈ മാസം 3-ന് പ്രസിദ്ധീകരിച്ച അന്തിമവോട്ടർപട്ടികയിൽ പേര് ഉൾപ്പെടാത്തവർക്ക് പേര് ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷയും, തെറ്റായി ഉൾപ്പെട്ട പേര് നീക്കം ചെയ്യുന്നതിനും ഉൾക്കുറിപ്പിലെ പിശക് തിരുത്തുന്നതിനുമുള്ള ആക്ഷേപവും ഈ മാസം 5, 6 തീയതികളിൽ വീണ്ടും ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് സമർപ്പിക്കാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

*(എസ്.ഇ.സി.26/2019)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**18th July 2019**

## പഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കി

കൂറുമാറ്റ നിരോധന നിയമ പ്രകാരം തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമ പഞ്ചായത്ത് അംഗം ടി.എം.ഷാഫിയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യനാക്കി.

നിലവിൽ ഗ്രാമപഞ്ചായത്ത് അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിനും 2019 ജൂലൈ 17 മുതൽ ആറ് വർഷത്തേയ്ക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്.

2015 നവംബറിൽ നടന്ന തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അംഗമായി വിജയിച്ച ഇദ്ദേഹം 13.03.2018 ൽ നടന്ന എടവിലങ്ങ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി നൽകിയ വിപ്പ് ലംഘിച്ച് ഭാരതീയ ജനതാ പാർട്ടിയുടെ സ്ഥാനാർത്ഥിക്ക് വോട്ടു ചെയ്തിരുന്നു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തൃശ്ശൂർ ജില്ലാ സെക്രട്ടറിയായ കെ.കെ.വത്സരാജ് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ നടപടി.

*(എസ്.ഇ.സി.25/2019)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**12th July 2019**

## ജില്ലാ പഞ്ചായത്ത് ഉപതിരഞ്ഞെടുപ്പ് - 9 വാർഡുകളിലെ വോട്ടർപട്ടിക കൂടി പുതുക്കുന്നു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ മണമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട 9 വാർഡുകളിലെ വോട്ടർപട്ടിക കൂടി പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി.

തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിലെ 1, 2, 5, 17, 18 നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ 11, 12, 14, 15 എന്നീ വാർഡുകളിലെ വോട്ടർപട്ടികയാണ് പുതുക്കുന്നത്.

ഈ വാർഡുകളിലെ കരട് വോട്ടർപട്ടിക ജൂലൈ 11-ന് പ്രസിദ്ധീകരിച്ചു. അവകാശവാദങ്ങളും ആക്ഷേപങ്ങളും ജൂലൈ 25 വരെ ഓൺലൈനായി സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന് - ഫാറം 4, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന് - ഫാറം 6 പോളിംഗ് സ്റ്റേഷൻ/വാർഡ് സ്ഥാനമാറ്റം - ഫാറം 7 എന്നീ അപേക്ഷകളാണ് ഓൺലൈനായി സ്വീകരിക്കുക. പേര് ഒഴിവാക്കുന്നതിന് ഫാറം-5-ൽ നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ അപേക്ഷിക്കണം.

അവകാശവാദങ്ങളിലും ആക്ഷേപങ്ങളിലും തീർപ്പ് കൽപ്പിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 2 ആണ്. അന്തിമ വോട്ടർപട്ടിക ആഗസ്റ്റ് 3-ന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2019 ജനുവരി ഒന്നിനോ, അതിനുമുമ്പോ 18 വയസ് തികഞ്ഞവർക്ക് വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷിക്കാവുന്നതാണ്. കരട് വോട്ടർപട്ടിക ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ ഓഫീസുകളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരട് പട്ടിക www.lsgelection.kerala.gov.in -ൽ ലഭ്യമാണ്.

*(എസ്.ഇ.സി.24/2019)*

## ഉപതിരഞ്ഞെടുപ്പിൽ മത്സരിച്ച 224 പേരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യരാക്കി

കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പുകളിലും മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ പൊതുതിരഞ്ഞെടുപ്പിലും സ്ഥാനാർത്ഥികളായി മത്സരിച്ച 224 പേരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. തിരഞ്ഞെടുപ്പിന്റെ ചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയവരെയും തെരഞ്ഞെടുപ്പിന് പരിധിയിൽ കൂടുതൽ തുക ചെലവഴിച്ചവരെയുമാണ് കമ്മീഷൻ അയോഗ്യരാക്കിയത്. 2015-ലെ പൊതുതിരഞ്ഞെടുപ്പിന് ശേഷം 2018 ഡിസംബർ വരെ നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ മത്സരിച്ച സ്ഥാനാർത്ഥികളുടെ ചെലവ് കണക്കുകളാണ് കമ്മീഷൻ പരിശോധിച്ചത്. കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 33, കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 89 എന്നിവ പ്രകാരമുള്ള ഈ അയോഗ്യത ഉത്തരവ് തീയതിയായ ജൂലൈ 11 മുതൽ അഞ്ചു വർഷത്തേക്ക് നിലനിൽക്കും. അയോഗ്യത മൂലമുണ്ടായ നിലവിലെ അംഗങ്ങളുടെ ഒഴിവ് കമ്മീഷനെ അറിയിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അയോഗ്യരായവർക്ക് തദ്ദേശ സ്ഥാപനങ്ങളിലേക്ക് 2020-ൽ നടക്കുന്ന പൊതു തെരഞ്ഞെടുപ്പ് ഉൾപ്പെടെ, 2024 ജൂലൈ വരെയുള്ള തെരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ സാധിക്കില്ല.

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളായി മത്സരിക്കുമ്പോൾ ഗ്രാമ പഞ്ചായത്തിൽ പരമാവധി 10000 രൂപയും ബ്ലോക്ക് പഞ്ചായത്തിൽ 30000 രൂപയും ജില്ലാപഞ്ചായത്തിൽ 60000 രൂപയുമാണ് ഒരാൾക്ക് തെരഞ്ഞെടുപ്പിന് ചെലവഴിക്കാവുന്ന പരമാവധി തുക. മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും കാര്യത്തിൽ ഒരു സ്ഥാനാർത്ഥിക്ക് യഥാക്രമം 30000 വും 60000 വും രൂപയാണ് പരമാവധി വിനിയോഗിക്കാൻ സാധിക്കുക.

ഉപതിരഞ്ഞെടുപ്പുകളിലും മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ പൊതുതിരഞ്ഞെടുപ്പിലും മത്സരിച്ച സ്ഥാനാർത്ഥികളിൽ കണക്ക് നൽകാത്തവരുടെയും പരിധിയിൽ കൂടുതൽ ചെലവ് ചെയ്തവരുടെയും വിവരങ്ങൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ കമ്മീഷന് നൽകിയിരുന്നു. കമ്മീഷൻ പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുകയും കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി നിയമങ്ങൾക്ക് വിധേയമായി അവർക്ക് അയോഗ്യരാക്കാതിരിക്കാൻ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. ഇതിന്ശേഷം ചെലവ് കണക്ക് യഥാസമയം നൽകാത്തതിന് മതിയായ കാരണങ്ങൾ ബോധിപ്പിച്ചുകൊണ്ട് കണക്ക് സമർപ്പിച്ചവർക്കെതിരെയുള്ള നടപടികൾ കമ്മീഷൻ ഇതിനകം അവസാനിപ്പിച്ചിട്ടുമുണ്ട്.

കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയിട്ടും ചെലവ് കണക്ക് നൽകുന്നതിൽ വീഴ്ച വരുത്തുകയും, വീഴ്ചയ്ക്ക് മതിയായ കാരണമോ ന്യായീകരണമോ ബോധിപ്പിക്കാതിരിക്കുകയോ, തിരഞ്ഞെടുപ്പിന് നിർണ്ണയിക്കപ്പെട്ട പരിധിയിൽ കൂടുതൽ തുക ചെലവാക്കുകയോ ചെയ്തവരെയാണ് കമ്മീഷൻ അയോഗ്യരാക്കിയത്.

ജില്ലാ പഞ്ചായത്തിലെ 2-ഉം ബ്ലോക്ക് പഞ്ചായത്തുകളിലെ 13-ഉം ഗ്രാമപഞ്ചായത്തുകളിലെ 143-ഉം മുനിസിപ്പാലിറ്റിയിലെ 51-ഉം കോർപ്പറേഷനുകളിലെ 15-ഉം സ്ഥാനാർത്ഥികൾക്കാണ് അയോഗ്യത വന്നിട്ടുള്ളത്. അയോഗ്യരായവരുടെ കൂടുതൽ വിവരങ്ങൾ കമ്മീഷന്റെ വെബ്സൈറ്റിൽ (www.sec.kerala.gov.in) ലഭ്യമാണ്.

*(എസ്.ഇ.സി.23/2019)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**11th July 2019**

## പഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കി

കൂറുമാറ്റ നിരോധന നിയമപ്രകാരം തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമ പഞ്ചായത്ത് അംഗം എം. ഷാനവാസിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യനാക്കി.

നിലവിൽ ഗ്രാമപഞ്ചായത്ത് അംഗമായി തുടരുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിനും 2019 ജൂലൈ 9 മുതൽ ആറ് വർഷത്തേയ്ക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്.

2015 നവംബറിൽ നടന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗമായി വിജയിച്ച ഇദ്ദേഹം 13.06.2018 ൽ നടന്ന മംഗലപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടി നൽകിയ വിപ്പ് ലംഘിച്ചിരുന്നു. ഗ്രാമ പഞ്ചായത്ത് അംഗം കെ. എസ്. അജിത്കുമാർ സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ നടപടി.

*(എസ്.ഇ.സി.22/2019)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

8th July 2019

## സംസ്ഥാനത്തെ 28 തദ്ദേശ സ്ഥാപന വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു

ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ 11 ജില്ലകളിലെ 28 വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുവാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ 20 ഗ്രാമപഞ്ചായത്ത് വാർഡുകളിലെയും തിരുവനന്തപുരം, ഇടുക്കി ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡിലെയും കോഴിക്കോട് ജില്ലയിലെ രണ്ട് ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലെയും തിരുവനന്തപുരം ജില്ലയിലെ ഒരു ജില്ലാപഞ്ചായത്ത് വാർഡിലെയും എറണാകുളം ജില്ലയിലെ ഒരു നഗരസഭാ വാർഡിലെയും പാലക്കാട് ജില്ലയിലെ രണ്ട് നഗരസഭാ വാർഡുകളിലെയും വോട്ടർപട്ടികയാണ് പുതുക്കുന്നത്.

ഈ വാർഡുകളിലെ കരട് വോട്ടർപട്ടിക ഇന്ന് (09.7.2019 ന്) പ്രസിദ്ധീകരിക്കും. അവകാശവാദങ്ങളും ആക്ഷേപങ്ങളും ജൂലൈ 23 വരെ ഓൺലൈനായി സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന് - ഫാറം 4, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന് - ഫാറം 6 പോളിംഗ് സ്റ്റേഷൻ/വാർഡ് സ്ഥാനമാറ്റം - ഫാറം 7 എന്നീ അപേക്ഷകളാണ് ഓൺലൈനായി സ്വീകരിക്കുക. പേര് ഒഴിവാക്കുന്നതിന് ഫാറം-5-ൽ നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ അപേക്ഷിക്കണം.

അവകാശവാദങ്ങളിലും ആക്ഷേപങ്ങളിലും തീർപ്പ് കൽപ്പിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 2 ആണ്. അന്തിമ വോട്ടർപട്ടിക ആഗസ്റ്റ് 3-ന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2019 ജനുവരി ഒന്നിനോ, അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം. കരട് വോട്ടർപട്ടിക ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ ഓഫീസുകളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും പ്രസിദ്ധീകരിക്കും. നിലവിലെ പട്ടിക www.lsgelection.kerala.gov.in -ൽ ലഭ്യമാണ്.

തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ മണമ്പൂർ, പോത്തൻകോട് ബ്ലോക്ക്പഞ്ചായത്തിലെ കണിയാപുരം, കാരോട് ഗ്രാമ പഞ്ചായത്തിലെ കാന്തള്ളൂർ, ചെങ്കലിലെ മര്യാപുരം, കുന്നത്തുകാലിലെ നിലമാമൂട്, അമ്പൂരിയിലെ തുടിയംകോണം, പോത്തൻകോടിലെ മണലകം, പാങ്ങോടിലെ അടപ്പുപാറ, കൊല്ലം ജില്ലയിൽ, കുണ്ടറ ഗ്രാമ പഞ്ചായത്തിലെ റോഡ് കടവ്, കുളക്കടയിലെ മലപ്പാറ, പത്തനംതിട്ട ജില്ലയിൽ, നാറാണം മൂഴി ഗ്രാമ പഞ്ചായത്തിലെ കക്കുടുമൺ, കോട്ടയം ജില്ലയിൽ, പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ ആനിക്കാട്, ഇടുക്കി ജില്ലയിൽ അടിമാലി ബ്ലോക്ക് പഞ്ചായത്തിലെ കൊന്നത്തടി, എറണാകുളം ജില്ലയിൽ, കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ ഉണിച്ചിറ, മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ പെരുമ്പിള്ളി, തൃശൂർ ജില്ലയിൽ, കുഴൂർ ഗ്രാമപഞ്ചായത്തിലെ കുഴൂർ, പാലക്കാട് ജില്ലയിൽ, ഷൊർണൂർ മുനിസിപ്പാലിറ്റിയിലെ ഷൊർണൂർ ടൗൺ, പാലക്കാട് മുനിസിപ്പാലിറ്റിയിലെ നരികുത്തി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ മുന്നൂർക്കോട് നോർത്ത്, തെങ്കരയിലെ മണലടി, പല്ലശ്ശനയിലെ മഠത്തിൽക്കളം, നെല്ലിയാമ്പതിയിലെ പുലയമ്പാറ, മലപ്പുറം ജില്ലയിൽ, മങ്കട ഗ്രാമപഞ്ചായത്തിലെ കോഴിക്കോട്ടുപറമ്പ്, നന്നംമുക്കിലെ പെരുമ്പാൾ, കോഴിക്കോട് ജില്ലയിൽ, മേലടി ബ്ലോക്ക് പഞ്ചായത്തിലെ തിക്കോടി, കുന്ദമംഗലത്തിലെ പൂവാട്ടുപറമ്പ് കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ പടിയക്കണ്ടി, കാസർഗോഡ് ജില്ലയിൽ, ബേഡഡുക്ക ഗ്രാമ പഞ്ചായത്തിലെ കാരക്കാട് എന്നീ വാർഡുകളിലെ വോട്ടർപട്ടികയാണ് ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി പുതുക്കുന്നത്

*(എസ്.ഇ.സി.21/2019)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

28th June 2019

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ്: എൽ.ഡി.എഫ് 21 ഉം യു.ഡി.എഫ് 17 ഉം ബി.ജെ.പി 5 ഉം സ്വതന്ത്രർ ഒന്നും സീറ്റുകൾ നേടി

സംസ്ഥാനത്തെ 44 തദ്ദേശസ്വയംഭരണ വാർഡുകളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് 21 ഉം യു.ഡി.എഫ് 17 ഉം ബി.ജെ.പി 5 ഉം സ്വതന്ത്രർ ഒരു സീറ്റും നേടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

